(ബി) ഇവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

&

(സി) ഇത് പുനഃപരിശോധിക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

ബാധകമല്ല.

സംയോജിത ഭൂവിവര സേവന വിനിമയ സംവിധാനം

274(2630) ശ്രീ. മുരളി പെരുനെല്ലി:
ശ്രീ ഡി. കെ. മുരളി:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനായി സംയോജിത ഭൂവിവര സേവന വിനിമയ സംവിധാനം വികസിപ്പിക്കുന്നതിന് റവന്യൂ വകുപ്പ് എന്തെങ്കിലും നടപടി കൈക്കൊണ്ടിട്ടുണ്ടോ;

&

(ബി) ഈ സംവിധാനം വഴി ഭൂമി കൈമാറ്റം നടക്കുമ്പോൾതന്നെ ഭൂമി സംബന്ധമായ വിവരങ്ങളും പ്രമാണ സംബന്ധമായ വിവരങ്ങളും ഓൺലൈനായി തന്നെ പരിവർത്തനം ചെയ്യുകയും പുതുക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തിൽ എത്തിച്ചേരുന്നതിന് സാധിക്കുമോ?

സംസ്ഥാനത്ത് പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനായി സംയോജിത ഭൂവിവര സേവന വിനിമയ സംവിധാനം നടപ്പിൽ വരുത്തുന്നതുമായി ബന്ധപ്പെട്ട്, റവന്യൂ വകുപ്പിന്റെ - ReLIS, സർവ്വേ വകുപ്പിന്റെ- Emaps, രജിസ്ട്രേഷൻ വകുപ്പിന്റെ- PEARL എന്നിവ സംയോജിപ്പിച്ച് ഒരു single window portal' (ഓൺലൈൻ സംവിധാനം) ആരംഭിക്കുന്നതിന്റെ ജോലികൾ പ്രാരംഭ ഘട്ടത്തിലാണ്. റവന്യൂ-സർവ്വേ-രജിസ്ട്രേഷൻ വകുപ്പുകളെ പരസ്പരം ബന്ധിപ്പിച്ചുകൊണ്ട് ഭൂമി സംബന്ധമായ വിഷയങ്ങൾ പൊതുജനങ്ങൾക്ക് വേഗത്തിൽ പരിഹരിക്കുന്നതിനുള്ള ഓൺലൈൻ സംവിധാനമാണ് നടപ്പിലാക്കുന്നത്. ഭൂമിയുടെ രജിസ്ട്രേഷൻ ഓൺലൈൻ ആയി ചെയ്യുന്നതിന് രജിസ്ട്രേഷൻ വകുപ്പ് വികസിപ്പിച്ച് നടപ്പിൽ വരുത്തിയിട്ടുള്ള സോഫ്റ്റ്വെയറാണ് PEARL. ഭൂമി രജിസ്ട്രേഷനുശേഷം അപേക്ഷകൾ ഓൺലൈൻ ആയി ബന്ധപ്പെട്ട വില്ലേജുകളിൽ ലഭ്യമാക്കുകയും പോക്കുവരവ് സമയബന്ധിതമായി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

നടത്തുന്നതിനുള്ള സംവിധാനമാണ് ReLIS. GPS അധിഷ്ഠിത സർവ്വേ നടത്തിയിട്ടുള്ള വില്ലേജുകളുടെ സർവ്വേ മാപ്പുകൾ ഓൺലൈൻ ആയി നാളതീകരിക്കുന്നതിനും മറ്റ് വകുപ്പുകളുടെ textual വിവരങ്ങളുമായി സംയോജിപ്പിച്ച് ഭൂഭരണം സുതാര്യമാക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ടാണ് E-maps നടപ്പിലാക്കിയിട്ടുള്ളത്. ഈ മൂന്ന് വെബ് ആപ്ലിക്കേഷനുകളുടെയും വെബ് അധിഷ്ഠിത സംയോജനത്തിലൂടെ ഭൂസംബന്ധമായ എല്ലാ സേവനങ്ങളും പൊതുജനങ്ങൾക്ക് ഏകജാലക സംവിധാനത്തിൽ ഉൾപ്പെടുത്തി നൽകുവാനാണ് ഉദ്ദേശിക്കുന്നത്. ഭൂമി കൈമാറ്റം നടക്കുമ്പോൾ തന്നെ ഭൂമി സംബന്ധമായ വിവരങ്ങൾ ഓൺലൈനായി തന്നെ പരിവർത്തനം ചെയ്യുകയും പുതുക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തിൽ എത്തിച്ചേരാൻ സാധിക്കുന്ന തരത്തിൽ ആണ് ടി സോഫ്റ്റ്വെയർ വിഭാവന ചെയ്തിട്ടുള്ളത്.

(സി) റവന്യൂ ഓഫീസുകളുടെ സേവനം സമഗ്രമാക്കുന്നതിനും വേഗത്തിലാക്കുന്നതിനുമായി ഏർപ്പെടുത്തിയിട്ടുള്ള ഇ-ഓഫീസ് സംവിധാനത്തിന്റെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ?

കേരള ഭൂരേഖാ നവീകരണ മിഷൻ ഓഫീസ്, സർവ്വേയും ഭൂരേഖയും വകുപ്പ് ഡയറക്ടറേറ്റ്, ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്, സംസ്ഥാനത്തെ എല്ലാ ജില്ലാ കളക്ടറേറ്റിലും 23 ആർ.ഡി.ഒ ഓഫീസുകളിലും 13 താലൂക്ക് ഓഫീസുകളിലും 129 വില്ലേജ് ഓഫീസുകളിലും ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. 115 വില്ലേജ് ഓഫീസ്, 24 താലൂക്ക് ഓഫീസ്, 5 ആർ.ഡി.ഒ. ഓഫീസ് എന്നിവിടങ്ങളിൽകൂടി അടിയന്തിരമായി ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

മരംമുറിയുമായി ബന്ധപ്പെട്ട വിഷയത്തിൽ ഉദ്യോഗസ്ഥയ്ക്കെതിരെ നടപടി

275 (2631) ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. ടി.സിദ്ദിഖ്:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരംമുറിയുമായി ബന്ധപ്പെട്ട ഫയലിൽ പ്രതികൂലമായി നോട്ടെഴുതിയ ഉദ്യോഗസ്ഥക്കെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിക്കുകയോ പ്രസ്തുത ഉദ്യോഗസ്ഥയെ ഉന്നത വിദ്യാഭ്യാസ വകുപ്പിലേയ്ക്ക് സ്ഥലം മാറ്റുകയോ ചെയ്തിരുന്നോ?

മരംമുറിയുമായി ബന്ധപ്പെട്ട ഫയലിൽ നോട്ടെഴുതിയ ഉദ്യോഗസ്ഥയ്ക്കെതിരെ നടപടി ഒന്നും സ്വീകരിച്ചിട്ടില്ല. സെക്രട്ടേറിയേറ്റിലെ ജീവനക്കാരുടെ സ്ഥലം മാറ്റം നടത്തിയ അവസരത്തിൽ പ്രസ്തുത ഉദ്യോഗസ്ഥയെ ഉന്നതവിദ്യാഭ്യാസ വകുപ്പിലേയ്ക്ക് മാറ്റി നിയമിച്ചിട്ടുണ്ട്.